"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരകാര്യം- ശ്രീ.ഷെറി.ജി.-ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.376/2026/LSGD തീയതി,തിരുവനന്തപുരം, 12-02-2026

---

പരാമർശം:-

1. സ.ഉ(സാധാ).നം.478/2023/LSGD തീയതി 24.02.2023.
2. അക്കൗണ്ടന്റ് ജനറലിന്റെ 27.03.2024 ലെ GE07/C/MCS61/597 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2026-ലെ LSGD/PD/9614/2024-DEH2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ഷെറി.ജി-യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും, ടിയാൻ 28.02.2023 തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3 ) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ശ്രീ.ഷെറി.ജി നിരീക്ഷണ കാലയളവിൽ 17 ദിവസം പ്രൊബേഷൻ പരിഗണിക്കാത്ത അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

2. ശ്രീ.ഷെറി.ജി-യുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾക്കെതിരെ നിരീക്ഷണകാലയളവിൽ അച്ചടക്കനടപടികളൊന്നും നിലവിലില്ലാത്തതാണ്. ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം ശ്രീ.ഷെറി.ജി-യുടെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം 14.09.2023 പൂർവാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള തൃശ്ശൂർ

ശ്രീ.ഷെറി.ജി, ജോയിന്റ് ഡയറക്ടർ(റിട്ട.) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-02-2026 10:19:22
സെക്ഷൻ ഓഫീസർ